പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1130

13.06.2013ൽ
മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ.

ചോദ്യം
ശ്രീ.പി.റ്റി.എ.റഹിം. :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലയിലെ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ജില്ലാ സമിതി അംഗീകരിച്ച സംസ്ഥാന സമിതിയുടെ പരിഗണനയിൽ ഇരിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിരുന്ന 2010 ജൂൺ 14 ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരമാണ് സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓർഡിനൻസ് 2011 ജൂൺ, ജൂലൈ മാസങ്ങളിൽ ചേർന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ എടുക്കാതിരുന്നതിനാൽ 13-07-2011 ൽ ലാപ്സ് ആകുകയുണ്ടായി. ഭേദഗതി ഓർഡിനൻസ് വീണ്ടും 15-01-2013 ൽ പുറപ്പെടുവിച്ചിരുന്നത്, 07-03-2013 ൽ 2013 ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് നിലവിൽ വന്നു. 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001 ലെ 18) 2എ വകുപ്പിലെ (1) ഉം (2) ഉം ഉപവകുപ്പുകൾ

| | | | |
|---|---|---|---|
| | | | പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ജില്ലാ വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി 03-05-2013 ന് സ.ഉ (പി) നമ്പർ 232/2013/റവ. വിജ്ഞാപന പ്രകാരം സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി ഉടനെ ചേർന്ന് സർക്കാരിൽ ലഭ്യമായിട്ടുള്ള ജില്ലാ വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടുള്ള സംസ്ഥാനത്തിലെ വിവിധ നദീതീര സംരക്ഷണ പദ്ധതികൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്. |
| (സി) | സംസ്ഥാന സമിതി ഏറ്റവും അവസാനം യോഗം ചേർന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ; | (സി) | 24-02-2012. |
| (ഡി) | സംസ്ഥാന സമിതി കൂടാത്തത് ഭരണാനുമതി നൽകുന്നതിന് കാലവിളംബം വരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ ) | ഭരണാനുമതി നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (ഇ ) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

13/1/2009 ലെ ജി.ഒ.(ആർ.ടി) നം. 148/2009/ആർ ഡി, 26.3.2012 ലെ ജി.ഒ.(എം.എസ്) നം.124/12/ആർഡി എന്നീ ഉത്തരവു പ്രകാരം അനുമതി കിട്ടിയതും നടന്നു വരുന്നതുമായ പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | കാരശ്ശേരി പഞ്ചായത്തിൽ കാലടിയിൽ കടവിൽ ഇരുവഞ്ഞിപ്പുഴയുടെ ഇടതു കര സംരക്ഷണം | 35.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | കാരശ്ശേരി പഞ്ചായത്തിൽ മാളിയേക്കൽ ഇരുവഞ്ഞിപ്പുഴയുടെ ഇടതു കര സംരക്ഷണം | 39.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | കാരശ്ശേരി പഞ്ചായത്തിൽ മണ്ണിൽ പറമ്പിനു താഴെഭാഗത്ത് കക്കാടവ് ബസ്സ്റ്റോപ്പിനു പിൻവശത്തായി ഇരുവഞ്ഞിപ്പുഴയുടെ ഇടതു കര സംരക്ഷണം | 37.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | ചാത്തമംഗലം പഞ്ചായത്തിൽ പുളക്കമണ്ണിൽ പറമ്പിൽ ചെറുപുഴയുടെ ഇടതു കര സംരക്ഷണം | 15.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | ചാത്തമംഗലം പഞ്ചായത്തിൽ തോക്കൽപറമ്പിൽ ചെറുപുഴയുടെ ഇടതു കര സംരക്ഷണം | 15.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 6 | പുതുപ്പാടി പഞ്ചായത്തിൽ കാക്കവയലിൽ കണ്ണപ്പൻകുണ്ട് പുഴയുടെ വലതു കര സംരക്ഷണം | 19.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 7 | വേളം പഞ്ചായത്തിൽ കോവുപ്പുറത്ത് കുറ്റ്യാടി പുഴയുടെ വലതു കര സംരക്ഷണം | 18.50 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 8 | മരുതോങ്കര പഞ്ചായത്തിൽ ചെറുപുഴ പാലത്തിനു താഴെ ഭാഗത്തായി പുഴയുടെ ഇടതു കര സംരക്ഷണം | 30.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 9 | കോഴിക്കോട് കോർപ്പറേഷനിൽ കടുപ്പിനി മുതൽ കോതി വരെ കല്ലായി പുഴയുടെ പുനരുജ്ജീവനം.- ഒന്നാംഘട്ടം | 410.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 10 | കൊടുവള്ളി പഞ്ചായത്തിൽ കളരാന്തിരി കടവിൽ ചെറുപുഴയുടെ വലതു കര സംരക്ഷണം | 19.00 | പ്രവൃത്തി പൂർത്തിയായി. |
| 11 | കുന്ദമംഗലം പഞ്ചായത്തിൽ ചെറുപുഴക്ക് കുറുകെ കമ്മാണ്ടിക്കടവത്ത് താഴെ ഭാഗത്ത് പുഴയുടെ വലതു കര സംരക്ഷണം | 43.00 | പ്രവൃത്തി പൂർത്തിയായി |

SECTION OFFICER